**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 409** **14-03-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾ പൊതുവെ അംഗീകരിച്ചിട്ടുള്ള വിവിധ ബീച്ചുകളുടെ നവീകരണത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഉണ്ട്. സംസ്ഥാനത്ത് ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾ പൊതുവെ അംഗീകരിച്ചിട്ടുള്ള വിവിധ ബീച്ചുകളുടെ നവീകരണത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്:-**<br><br>**കോവളം ബീച്ച്**<br><br>24.02.2023 ലെ സ.ഉ.(കൈ)നം. 10/2023/ TSM നമ്പർ ഉത്തരവ് പ്രകാരം കോവളവും സമീപ ബീച്ചുകളുടെ വികസന പ്രവർത്തനങ്ങൾക്കുമായി 93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർവ്വഹണ ഏജൻസിയായ WAPCOS {Water and Power Consultancy Services (India) Limited} മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.<br><br>• ഹവ്വാ ബീച്ച്, ലൈറ്റ് ഹൗസ് ബീച്ച് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം<br>• സൈലന്റ് വാലി സൺ ബാത്ത് പാർക്ക് നവീകരണം<br>• കോർപ്പറേഷൻ ഭൂമി വികസനം<br>• കോർപ്പറേഷൻ ഭൂമിയിലേയ്ക്കുള്ള യാത്രാസൗകര്യം വികസനം<br>• ഐബി ബീച്ചിലേയ്ക്കുള്ള യാത്രാ സൗകര്യ വികസനം<br>• ഐബി ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും അതിർത്തി നിർണ്ണയം<br>• തെങ്ങിൻ തോട്ടഭൂമി ഏറ്റെടുക്കൽ<br><br>**ശംഖുമുഖം ബീച്ച്** |

07.02.2021 ലെ സ.ഉ.(സാധാ)നം. 59/2021/ ടൂറിസം, 09.02.2021 ലെ സ.ഉ.(സാധാ)നം. 68/2021/ടൂറിസം നമ്പർ ഉത്തരവുകൾ പ്രകാരം 13.2 കോടി രൂപ അടങ്കൽ തുക വരുന്ന ശംഖുമുഖം ബീച്ച് ഫ്രണ്ട് എൻട്രി ഇംപ്രൂവ്മെന്റ് & അർബൺ പ്ലാസാ ഡവലപ്മെന്റ്, ബീച്ച് ഫ്രണ്ട് പ്ലാസാ ഡെവലപ്മെന്റ് & കൾച്ചറൽ ഹബ്ബ് ഡവലപ്മെന്റ് എന്നീ രണ്ട് പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

**മുഴപ്പിലങ്ങാട് - ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം**

13.11.2019 ലെ സ.ഉ.(സാ.ധാ) നം. 395/2019/ടൂർ ഉത്തരവ് പ്രകാരം മുഴപ്പിലങ്ങാട് – ധർമ്മടം ബീച്ചുകളുടെ സമഗ്ര വികസനത്തിനായി 233.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ടി പദ്ധതി 4 ക്യാരക്ടർ ഏരിയകളായി തരംതരിച്ച് നടപ്പാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

1. ക്യാരക്ടർ ഏരിയ 1 - മുഴപ്പിലങ്ങാട് ബീച്ചിന്റെ വടക്ക് വശം
2. ക്യാരക്ടർ ഏരിയ 2 - മുഴപ്പിലങ്ങാട് ബീച്ചിന്റെ തെക്ക് വശം
3. ക്യാരക്ടർ ഏരിയ 3 - ധർമ്മടം ബീച്ച്
4. ക്യാരക്ടർ ഏരിയ 4 - ധർമ്മടം ദ്വീപ്

ക്യാരക്ടർ ഏരിയ 1 ലെ 10% പ്രവൃത്തികൾ നാളിതുവരെയായി പൂർത്തീകരിച്ചിട്ടുണ്ട്. 2, 3 & 4 എന്നീ ക്യാരക്ടർ ഏരിയകൾക്കായുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ബേക്കൽ ബീച്ച് പാർക്കിന്റെ നവീകരണം**

10.12.2021 ലെ സ.ഉ.(സാധാ)നം. 392/2021/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ബേക്കൽ ബീച്ച് പാർക്കിന്റെ നവീകരണം എന്ന പദ്ധതിയ്ക്ക് 4.96 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആകെ ചെലവിന്റെ 50% തുക ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (ബി.ആർ.ഡി.സി.) യുടെ സ്വന്തം റവന്യൂ ഫണ്ടിൽ നിന്നും ചെലവഴിക്കണം എന്ന നിബന്ധനയോടെയാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. ഈ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ബേപ്പൂർ ബീച്ചിന്റെ സമഗ്രവികസനം**

ബേപ്പൂർ ബീച്ചിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് " ബേപ്പൂർ & ബിയോണ്ട് " എന്ന പദ്ധതിയ്ക്ക് 03.11.2022 ലെ സ.ഉ.(സാധാ) നം.388/2022/TSM പ്രകാരം 9.94 കോടി രൂപയുടെ ഭരണാനുമതി നൽകിയ ടി പദ്ധതിയുടെ 15% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**<u>ചാലിയം ബീച്ചിന്റെ വികസനം</u>**

ചാലിയം ബീച്ചിന്റെ സമഗ്ര വികസനത്തിനായി 23.03.2022 ലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ P7-2755/2022 നമ്പർ നടപടിക്രമ പ്രകാരം 98,75,291 (തൊണ്ണൂറ്റി എട്ട് ലക്ഷത്തി എഴുപത്തയ്യായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം), രൂപയുടേയും 03.06.2022 ലെ സ.ഉ.(സാധാ) നം. 178/2022/TSM നമ്പർ ഉത്തരവ് പ്രകാരം 8,55,88,028 (എട്ട് കോടി അമ്പത്തി അഞ്ച് ലക്ഷത്തി എൺപത്തി എട്ടായിരത്തി ഇരുപത്തി എട്ട് രൂപ മാത്രം) രൂപയുടേയും ഭരണാനുമതി യഥാക്രമം ഓഷ്യാനസ് ചാലിയം ഫേസ് I, ഫേസ് II എന്നീ പ്രവൃത്തികൾക്ക് നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവൃത്തികൾ നടന്നു വരുന്നു.

**<u>ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം –</u>**

08.02.2017 ലെ സ.ഉ. (സാധാ)നം. 62/2017/TSM നം. ഉത്തരവ് പ്രകാരം 49.60 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ പദ്ധതിയ്ക്ക് 27.07.2020 ൽ 21.35 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പ്രവേശന കവാടം, ടിക്കറ്റ് കൗണ്ടർ, ഫുഡ് കോർട്ട്, സിറ്റിംഗ് അറേഞ്ച്മെന്റ്സ് പെഡസ്ട്രൽ ബ്രിഡ്ജ്, റെയിൽ ഷെൽറ്റർ, ചെയ്ഞ്ച് റൂം, കാർ പാർക്കിംഗ്, ലാന്റ്സ്കേപ്പിംഗ്, സ്പോട്സ് ആക്ടിവിറ്റീസ് എന്നിവയാണ് പ്രധാന ഘടകങ്ങൾ.

**<u>കാപ്പാട് ബീച്ചിന്റെ വികസനം</u>**

26 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ള കാപ്പാട് ബ്ലൂ ഫ്ലാഗ് ബീച്ചിന്റെ മെയിൻറ്റനൻസ് എന്ന പദ്ധതിയുടെ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

**<u>മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം</u>** – മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചുമായി ബന്ധപ്പെട്ട് 36 റൂമുകൾ ഉള്ള ലോകോത്തര റിസോർട്ടായ മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം എന്ന പദ്ധതിയ്ക്ക് 39.42 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന ടി

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ വിശേഷാൽ ലക്ഷ്യോപാധി (SPV) കെറ്റിഡിസിയാണ്. ടി പ്രവൃത്തികളുടെ സ്ട്രക്ചറൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ബീച്ചുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിന്റെ ഭാഗമായി ബേക്കൽ, വർക്കല, ശംഖുമുഖം, കൊല്ലം, ആലപ്പുഴ, എന്നീ ബീച്ചുകളിൽ ലോകോത്തര നിലവാരത്തിലുള്ള ടോയ് ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണവും നടപ്പിലാക്കി വരുന്നു. |
| (ബി) | തീരദേശ മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി അടിസ്ഥാനസൗകര്യ വികസനമടക്കം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വിനോദസഞ്ചാര വകുപ്പ് നടത്തിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി തീരദേശ മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടെ കേരളത്തിലെ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും എത്തിയ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2022 ൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>2022 കലണ്ടർ വർഷം 1,88,67,414 എണ്ണം ആഭ്യന്തര വിനോദസഞ്ചാരികളും 3,45,549 എണ്ണം വിദേശ വിനോദ സഞ്ചാരികളും കേരളം സന്ദർശിച്ചിട്ടുണ്ട്. 2020, 2021 വർഷങ്ങളിൽ ആഭ്യന്തര സഞ്ചാരികൾ യഥാക്രമം 49,88,972, 75,37,617 ഉം വിദേശ വിനോദ സഞ്ചാരികൾ യഥാക്രമം 3,40,755, 60,487 ഉം ആയിരുന്നു. 2021 കലണ്ടർ വർഷത്തെ അപേക്ഷിച്ച് ആഭ്യന്തര വിനോദ സഞ്ചാരികളിൽ 150.31% വർദ്ധനവും വിദേശ വിനോദ സഞ്ചാരികളിൽ 471.28% വർദ്ധനവും വന്നിട്ടുണ്ട്. |
| (സി) | കോവളം ബീച്ചിന്റെ സമഗ്ര വികസനത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | 24.02.2023 തീയതിയിലെ സ.ഉ(കൈ)നം. 10/2023/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോവളവും സമീപ ബീച്ചുകളുടെ വികസന പ്രവർത്തനങ്ങൾക്കുമായി 93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർവ്വഹണ ഏജൻസിയായ വാപ്കോസ് മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.<br><br>• ഹവ്വാ ബീച്ച്, ലൈറ്റ് ഹൗസ് ബീച്ച് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം<br>• സൈലന്റ് വാലി സൺ ബാത്ത് പാർക്ക് നവീകരണം<br>• കോർപ്പറേഷൻ ഭൂമി വികസനം<br>• കോർപ്പറേഷൻ ഭൂമിയിലേയ്ക്കുള്ള യാത്രാസൗകര്യം വികസനം |

| | | | |
|---|---|---|---|
| | | | • ഐബി ബീച്ചിലേയ്ക്കുള്ള യാത്രാ സൗകര്യ വികസനം<br>• ഐബി ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും അതിർത്തി നിർണ്ണയം<br>• തെങ്ങിൻ തോട്ടഭൂമി ഏറ്റെടുക്കൽ |

സെക്ഷൻ ഓഫീസർ